# വളരെ അടിയന്തിരം

നം. ഇ.എക്സ്/എ(4)/5470/2019/സി.ജി.ഇ

പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം
തീയതി: 21/03/2019.

പ്രേഷിതൻ

**സെക്രട്ടറി,**
പരീക്ഷാഭവൻ.

സ്വീകർത്താവ്

**എല്ലാ ജില്ലാവിദ്യാഭ്യാസ ആഫീസർമാർക്കും**

സർ,

വിഷയം: എസ്.എസ്.എൽ.സി. പരീക്ഷ മാർച്ച് 2019 - ഉത്തരക്കടലാസുകളുടെ മൂല്യനിർണ്ണയം- എക്സാമിനർമാരായി നിയമനം നൽകുന്നത്- സംബന്ധിച്ച്.

സൂചന: 1) 21.02.2019 തീയതിയിലെ ഇതേ നമ്പർ സർക്കുലർ.
2) 08/03/2019 തീയതിയിലെ ഇതേ നമ്പർ കത്ത്.

........

സൂചന (2) പ്രകാരം 2019 മാർച്ച് എസ്.എസ്.എൽ.സി. പരീക്ഷയുടെ ഉത്തരക്കടലാസുകൾ മൂല്യനിർണ്ണയം നടത്തുന്നതിന് അഡീഷണൽ ചീഫ് എക്സാമിനേഴ്സ്, അസിസ്റ്റന്റ് എക്സാമിനേഴ്സ് ആയി അതാത് സോണുകളിൽ അപേക്ഷിക്കുന്നതിനുള്ള സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തെ ചില സോണുകളിൽ മൂല്യനിർണ്ണയത്തിനായി അപേക്ഷിച്ച അദ്ധ്യാപകരുടെ എണ്ണം വളരെ കുറവാണ്. ആയതിനാൽ മൂല്യനിർണ്ണയത്തിന് അതാതു സോണുകളിൽ അപേക്ഷിക്കുന്നതിന് 23/03/2019 വരെ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഇതുവരെ അപേക്ഷിക്കാത്ത അദ്ധ്യാപകരുടെ വിവരങ്ങൾ iExaMs വഴി Enter ചെയ്യുന്നതിന് എല്ലാ പ്രഥമാദ്ധ്യാപകരും ഈ അവസരം പ്രയോജനപ്പെടുത്തേണ്ടതാണ്. അതാത് സ്കൂളുകളിലെ യോഗ്യരായ മുഴുവൻ എച്ച്.എസ്.എ.മാരുടെയും അപേക്ഷ സ്വീകരിച്ച് ഓൺലൈൻ എൻട്രി നടത്തി എന്ന് പ്രഥമാദ്ധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. അപ്രകാരം ഓൺലൈൻ എൻട്രി നടത്താത്ത പ്രഥമാദ്ധ്യാപകരുടെ മേൽ കർശനമായ നടപടി സ്വീകരിക്കുന്നതാണ്. അങ്ങനെയുള്ള പ്രഥമാദ്ധ്യാപകരുടെ ലിസ്റ്റ് നിശ്ചിത തീയതിക്കു ശേഷം ശേഖരിച്ച് ഈ ഓഫീസിലേക്ക് അറിയിക്കേണ്ടതാണ്. ആയതിനാൽ മാർച്ച് 23 വരെ അതാതു സോണുകളിൽ അപേക്ഷിക്കുവാനുള്ള അവസരം പ്രയോജനപ്പെടുത്താനുള്ള വിവരം ജില്ലാവിദ്യാഭ്യാസ ആഫീസർമാർ അടിയന്തിരമായി എല്ലാ പ്രഥമാദ്ധ്യാപകരെയും അറിയിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

സെക്രട്ടറി

പകർപ്പ്:-

എല്ലാ പ്രഥമാദ്ധ്യാപകർക്കും
(ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന)